LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 14, വെള്ളി

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 1986 നവംബർ 14-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കെ. എസ്. ആർ. റ്റി. സി. സബ് ഡിപ്പോകൾ

ഡിപ്പോകളാക്കുന്നതിനുള്ള മാനദണ്ഡം

*348 [374] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. റ്റി. സി. സബ് ഡിപ്പോകൾ ഡിപ്പോകളാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക മാനദണ്ഡമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) പൊതുവായി ചില മാനദണ്ഡങ്ങൾ ഉണ്ട്.

(ബി) ഷെഡ്യൂളുകളുടെ എണ്ണവും കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യവും ഭാവി വികസന സാദ്ധ്യതകളും കണക്കിലെടുത്താണ് സബ് ഡിപ്പോകൾ ഡിപ്പോകളായി ഉയർത്താറുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി : കാട്ടാക്കട സബ് ഡിപ്പോ ഡിപ്പോ ആയിട്ട് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാനുള്ള യോഗ്യതകളൊക്കെ അവിടെ ഉണ്ട്. അങ്ങനെ ചെയ്യാൻ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : 50 ഷെഡ്യൂളുകൾ തികഞ്ഞു കഴിഞ്ഞാൽ സൗകര്യങ്ങളെ അടിസ്ഥാനപ്പെടുത്തി സബ് ഡിപ്പോകളും ഡിപ്പോകളും ആക്കുകയെന്ന ഒരു മാനദണ്ഡം ഉണ്ട്. അങ്ങനെയാണെങ്കിൽ 63 ഷെഡ്യൂളുകളുള്ള കാട്ടാക്കടയും 54 ഷെഡ്യൂളുകളുള്ള പൂവ്വാറും 51 ഷെഡ്യൂളുകളുള്ള പുനലൂരും 71 ഷെഡ്യൂളുള്ള ചേർത്തലയും ഡിപ്പോകളും ആയി ഉയർത്തേണ്ടതായിരുന്നു. ഇത് പരിശോധിക്കാൻ കെ. എസ്. ആർ. ടി. സി. യ്ക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇന്ന് സബ് ഡിപ്പോകളിൽ വാഹനങ്ങളുടെ മെയിൻറനൻസിനും അപ്കീപ്പിനും ആവശ്യമായത്ര സൗകര്യങ്ങളും ഇല്ലെന്നുള്ളതുകൊണ്ട് ഇത് സർവ്വീസ് നടത്തിപ്പിനെ ബാധിക്കുണ്ടെന്നുള്ളതു പരിഗണിച്ച് ഈ സബ് ഡിപ്പോകളിൽ ആവശ്യമായ മെയിൻറനൻസിനും അപ്കീപ്പിനുമുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : അത് ഉടൻപ്പെടെയുള്ള കാര്യങ്ങളാണ് പരിശോധിക്കാൻ കെ. എസ്. ആർ. ടി. സി. ക്ക് നിർദ്ദേശം കൊടുക്കുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ചില നോംസിന്റെ അടിസ്ഥാനത്തിലാണ് സബ് ഡിപ്പോകളും ഡിപ്പോകളാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഈ നോംസ് പാലിക്കപ്പെടാതെതന്നെ നമ്മുടെ സംസ്ഥാനത്ത് ധാരാളം സ്ഥലങ്ങളിൽ സബ് ഡിപ്പോപോലും ഇല്ലെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അതിനുവേണ്ടി എന്തു നടപടിയാണ് ഗവൺമെൻറു ഭാഗത്തുനിന്നും സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : ധാരാളം സ്ഥലങ്ങളിൽനിന്ന് സബ് ഡിപ്പോകളോ ഓപ്പറേറിംഗ് സെൻററുകളോ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങളും കിട്ടുന്നുണ്ട്. പക്ഷേ കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പരിമിതികളും പുതുതായി കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നുള്ളതുകൊണ്ടാണ് അത് പരിഗണിക്കാതിരിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : പാലോട് ഒരു ഓപ്പറേറിങ് സെൻററായിട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ നാല് ഏക്കർ സ്ഥലം പ്രത്യേകമായിട്ട് നാട്ടുകാർ മേടിച്ച് ഗവൺമെൻറിനെ ഏൽപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ രണ്ടര ലക്ഷം രൂപ ചെലവാക്കി ഇപ്പോൾ എൻ. ആർ. ഇ. പി. സ്കീമിൽ അവിടെ സ്ഥലം ഉപയോഗിക്കാനുള്ള രീതിയിലാക്കുകയാണ്. അവിടെ യാതൊരുവിധ ബാദ്ധ്യതകളും സർക്കാരിനില്ല. ആ ഓപ്പറേറിങ് സെൻറർ സബ് ഡിപ്പോയാക്കി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : എന്റെ ഓർമ്മ ശരിയാണെങ്കിൽ ഗ്രാമവികസന വകുപ്പിന്റെ ചുമതല വഹിക്കുന്നയവസരത്തിലാണ് പാലോട്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേറിങ് സെൻററിൽ എൻ. ആർ. ഇ. പി. സ്കീമിൽ പണി ചെയ്യുന്നതിന് നടപടിയുണ്ടായതെന്നു തോന്നുന്നു. പാലോട് ഓപ്പറേറിങ് സെൻററിൽ ഇപ്പോൾ 17 ഷെഡ്യൂളുകളാണ് ഓപ്പറേറു ചെയ്യുന്നത്. നമ്മുടെ മാനദണ്ഡമനുസരിച്ച് 30 ഷെഡ്യൂളുകളിൽ കുറവുള്ള സെൻററുകളെല്ലാം ഓപ്പറേറിങ് സെൻററുകളാണ്. അവിടത്തെ ഷെഡ്യൂളുകൾ വർദ്ധിക്കുന്നതനുസരിച്ച് ഭാവിയിൽ അത് അപ്ഗ്രേഡ് ചെയ്യേണ്ടതാണോയെന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ഇവിടെ ചില നോംസിന്റെ അടിസ്ഥാനത്തിൽ സബ് ഡിപ്പോകൾ ഡിപ്പോകളാക്കുമെന്നു പറഞ്ഞു. 53 ഷെഡ്യൂളുകൾ സർവ്വീസുകളുള്ള പുനലൂർ സബ് ഡിപ്പോ നമ്മുടെ സംസ്ഥാനത്തിന്റെ ഒരു ബോർഡറിൽ കിടക്കുകയാണ്; വളരെയധികം മലയോര പ്രദേശങ്ങളും പ്രത്യേകിച്ച് ശബരിമല സീസൺ വരുമ്പോൾ ഒരു ഡിപ്പോ ആയാൽപോലും അവിടെ കൊള്ളാത്തത്ര അയ്യപ്പഭക്തന്മാരുടേയും മറ്റും തീർത്ഥാടകരുടേയുമൊക്കെ വലിയ തിക്കും തിരക്കുമാണ്. ഇതു പരിഗണിച്ച് ഒരു ഡിപ്പോ ആകാനുള്ള എല്ലാ യോഗ്യതകളുമുള്ള പുനലൂർ സബ് ഡിപ്പോ ഒരു ഡിപ്പോയാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : പുനലൂർ സബ് ഡിപ്പോയിൽ ഇപ്പോൾ 51 ഷെഡ്യൂളുകളാണുള്ളതെന്ന് ഞാൻ പറഞ്ഞു. 50 ഷെഡ്യൂളുകളായി കഴിഞ്ഞാൽ ഡിപ്പോയാകാനുള്ള സ്റ്റാറ്റസ് ആയി. പക്ഷേ നമ്മുടെ സാങ്കേതിക പരിമിതികളെല്ലാമാണ് ഈ സബ് ഡിപ്പോകൾ ഡിപ്പോകളാക്കി ഉയർത്തുന്നതിനുള്ള ബുദ്ധിമുട്ട് നിലനില്ക്കുന്നത്. ഇതിനെക്കുറിച്ച് കെ. എസ്. ആർ. ടി. സി. പരിശോധിക്കുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും ആദ്യമായി ദേശസാൽക്കരിച്ച ഒരു താലൂക്കാണ് നെയ്യാറിൻകര താലൂക്ക്. അവിടെയുള്ള ഡിപ്പോയിൽ 123 ഷെഡ്യൂളുകൾ ഉണ്ട്. അതിനാവശ്യമുള്ള വാഹനങ്ങൾ 149 എണ്ണമാണ്. എന്നാൽ ഇന്ന് അവിടെയുള്ളത് 95 വാഹനങ്ങളാണ്; അതിൽ ഓടുന്നത് 78 എണ്ണമാണ്. ഏറ്റവും ആദ്യമായി ദേശസാൽക്കരിച്ച ഒരു താലൂക്ക് എന്നുള്ള നിലയിൽ അവിടെ ആവശ്യമായ വാഹനങ്ങൾ 149 എണ്ണം കൊടുത്തില്ലെങ്കിലും 120 എണ്ണമെങ്കിലും കൊടുത്ത് കാര്യക്ഷമമായി അവിടത്തെ ട്രാൻസ്പോർട്ട് ഗതാഗതം പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : 1-11-1986-ലെ കണക്കനുസരിച്ച് നെയ്യാറിൻകരയിൽ 119 ഷെഡ്യൂളുകളാണുള്ളത്. അവിടെ ഇപ്പോൾ 98 ബസ്സുകൾ ഉണ്ട്. അതിൽ 79 ബസ്സുകൾ 11-11-1986-ലെ കണക്കനുസരിച്ച് ഓടിയിട്ടുണ്ട്. നമ്മുടെ വർക്ക് ഷോപ്പുകളിൽ കിടക്കുന്ന വണ്ടികൾ റിപ്പയർ ചെയ്ത് ഇറങ്ങുന്നതിന്റെ ഒരു പ്രോഗ്രസ്സാണ് ഈ പിക്ചർ കാണിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ ദിവസം സബ്മിഷൻ ഉന്നയിച്ചപ്പോൾ ഇതിനേക്കാൾ താഴെയായിരുന്നു. ഇന്ന് അത് പ്രോഗ്രസ്സ് ചെയ്തിട്ടുണ്ട്. ഓരോ ദിവസവുമുണ്ടാകുന്ന മാറ്റമനുസരിച്ച് നെയ്യാറിൻകര ഡിപ്പോയുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ടി. കുണാരൻ : കോഴിക്കോട്, വയനാട് ജില്ലകളുമായി ബന്ധപ്പെടുന്ന കുറ്റ്യാടി, ഭക്രന്തളം, മാനന്തവാടി റോഡ് തുറന്നുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടോളം സ്റ്റേറേറ് ബസ്സുകൾ ഇപ്പോൾ ആ റൂട്ടിൽ ഓടിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനാന്തര പ്രാധാന്യമുള്ള ഈ റോഡിൽ കോഴിക്കോട്, വയനാട് ജില്ലകളുടെ മദ്ധ്യഭാഗത്ത് തൊട്ടിൽപ്പാലത്ത് രണ്ടേക്കർ ഭൂമി കെ.എസ്. ആർ. ടി. സി.ക്ക് കൈമാറാം ചെയ്യാൻ അവിടെയുള്ള വികസന സമിതി തയ്യാറാണ്. അത് അവർ കൈമാറാം ചെയ്യുകയും അതിന്റെ ഭാഗമായിട്ട് താൽക്കാലികമായിട്ട് ഒരു സ്റ്റേറേഷൻ മാസ്റ്റർ ഓഫീസ് അവിടെ തുറന്നു പ്രവർത്തിപ്പിക്കാൻ ഒരു കെട്ടിടവും അഞ്ച് സെന്റ് ഭൂമിയും അവർ തരാൻ തയ്യാറാണ്. അങ്ങനെയാണെങ്കിൽ അത് പരിഗണിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പറും അവിടത്തെ ഗ്രാമവികസനസമിതിയും പഞ്ചായത്തും ആവശ്യമായ സ്ഥലം അതുപോലെ തന്നെ കെട്ടിടം എന്നിവ തരാമെന്ന് വാഗ്ദാനമുണ്ടായിട്ടുണ്ട്. പക്ഷേ ആ വാഗ്ദാനമുണ്ടായാൽ പോരാ. അത് ക്രിയാത്മകമായ രീതിയിൽ ചെയ്യണമെന്നുള്ളതാണ്. കഴിഞ്ഞ ദിവസം ഇതു സംബന്ധിച്ച് ഒരു നിവേദകസംഘം തന്നെ വന്നിരുന്നു. ഞാൻ അവരോട് പറഞ്ഞത് താൽക്കാലികമായി ഒരു വെയിറ്റിംഗ് ഷെഡ്ഡും അതുപോലെതന്നെ സ്റ്റേറേഷൻ മാസ്റ്റർക്ക് ഇരിയ്ക്കാൻ കഴിയുന്ന റൂമും സജ്ജീകരിച്ചുകയാണെങ്കിൽ വയനാട് റോഡിനിടയിലുള്ള തൊട്ടിൽപ്പാലം എന്ന സ്ഥലത്ത് സ്റ്റേറേഷൻ മാസ്റ്റർ ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഞാൻ സൂചന നൽകിയിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : വർക്കലയിൽ ഒരു കെ. എസ്. ആർ. ടി. സി. ഡിപ്പോ തുടങ്ങാത്തത് കെ. എസ്. ആർ. ടി. സി.ക്കുതന്നെ പോരായ്മയാണെന്നും അപമാനകരമാണെന്നും മന്ത്രി കരുതുന്നുണ്ടോ ? എല്ലാ സൗകര്യങ്ങളും അവിടെയുണ്ടായിരുന്നിട്ടും ഇതുവരെ അവിടെ തുടങ്ങാതിരുന്നു. ഇപ്പോൾ പാറശ്ശാലപോലും എല്ലാം തുടങ്ങിയല്ലോ ? നിങ്ങളെങ്കിലും വർക്കലയിൽ ആ ഡിപ്പോയുടെ പ്രവർത്തനമാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : വർക്കലയിൽ കെ. എസ്. ആർ. ടി. സി. യുടെ ഒരു ഡിപ്പോ തുടങ്ങാത്തതുകൊണ്ട് എന്തെങ്കിലും പ്രയാസമുള്ളതായി എനിക്ക് തോന്നുന്നില്ല. ആവശ്യമായ സ്ഥലവും കെ. എസ്. ആർ. ടി. സി. നിർദ്ദേശിക്കുന്ന പ്ലാനിലുള്ള കെട്ടിടവും നിർമ്മിച്ചുതന്നാൽ പരിഗണിക്കാം. നമുക്ക് ആവശ്യമുള്ള ബസ്സുകൾ വാങ്ങാൻപോലും ബുദ്ധിമുട്ടുണ്ടാകുന്ന സന്ദർഭത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച് ഡെഡ് ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കണമോയെന്ന കാര്യം പുനഃപരിശോധന ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : അഞ്ച് ഏക്കർ സ്ഥലവും ടെമ്പററി ഷെഡ്ഡും കൊടുക്കണമെന്ന വ്യവസ്ഥയിൽ കെ.എസ്. ആർ.ടി.സി.യിലെ വടക്കാഞ്ചേരിയിലെ ഓപ്പറേറിംഗ് സെൻറിന് ഏൽപ്പിച്ചുകൊടുത്തതിനുശേഷവും നാളിതുവരെ അതിന്റെ പ്രവർത്തനം നടക്കുന്നില്ല. അവിടെ നിലവിൽ ഓടുന്ന വണ്ടികൾപോലും ഇപ്പോൾ ഓടുന്നില്ല. കൃത്യമായി നിലവിലുള്ള ഷെഡ്യൂളുകൾ ഓടാനും ഈ അഞ്ച് ഏക്കർ സ്ഥലം ഏൽപ്പിച്ചു തന്നതിൽ കെ. എസ്. ആർ. ടി. സി. അതിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ സി. ടി. കൃഷ്ണന്റെ ഒരു സബ്മിഷനിൽ ഇന്നലെ ഇതു സംബന്ധിച്ച് വിശദീകരണം നൽകിയതാണ്.

ശ്രീ. കെ. പി. രാമൻ : കോഴിക്കോട്, വയനാട് ദേശസാൽക്കൃത റൂട്ടിൽ താമരശ്ശേരി സബ് ഡിപ്പോയാക്കുന്ന പ്രവർത്തനം എത്രത്തോളമായെന്നു വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : താമരശ്ശേരി ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി പ്രഖ്യാപിച്ചു കഴിഞ്ഞു. അതിന് നടപടികളും സ്വീകരിച്ചു കഴിഞ്ഞതാണ്.

ശ്രീ. ജോസ് കുറിയാനി : ഐരേഞ്ചി പ്രദേശത്തെ ഏക ഓപ്പറേറിംഗ് സെന്ററായ മൂലമറ്റം ഓപ്പറേറിംഗ് സെന്ററിനാവശ്യമായ സ്ഥലം ഇലക്ട്രിസിറ്റി ബോർഡ് വിട്ടുകൊടുക്കാമെന്ന് പറഞ്ഞിട്ടും ഒരു സബ് ഡിപ്പോയാക്കാനുള്ള നടപടി നാളിതുവരെയും സ്വീകരിച്ചിട്ടില്ല. അതിനു കാരണമെന്താണെന്നു വ്യക്തമാക്കാമോ; അതിനാവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : മൂലമറ്റത്ത് ആകെ എട്ടു ഷെഡ്യൂളുകളും മാത്രമാണ് ഓപ്പറേറ് ചെയ്യുന്നത്. അതുകൊണ്ട് ആ ഓപ്പറേറിംഗ് സെന്റർ സബ് ഡിപ്പോയാക്കുന്ന കാര്യം ഇപ്പോൾ ആലോചിക്കാൻ നിവർത്തിയില്ല.

ബാലവാടികളെ അംഗനവാടികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം

* 349. [375] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുണാരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവാടികളെ അംഗനവാടികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം എത്രകണ്ട് പുരോഗമിച്ചിട്ടുണ്ട് ;

(ബി) ബാലവാടി ടീച്ചേഴ്സിനെ അംഗനവാടി ടീച്ചേഴ്സിന്റെ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്രവർത്തനക്ഷമമായ 60 ഐ. സി. ഡി. എസ്. ബ്ലോക്കുകളിലുണ്ടായിരുന്ന ചുരുക്കം ചില ബാലവാടികളൊഴിച്ച് എല്ലാ ബാലവാടികളെയും അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ബാലവാടി അദ്ധ്യാപകർക്ക് അംഗനവാടി അദ്ധ്യാപകരുടെതോതിൽ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly